# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**വിഷയം** : ആ.വ.ഡ – ജീവനക്കാര്യം – ശ്രീ.അബ്ദുൾ റസാഖ്, ജെ.എച്ച്.ഐ ഗ്രേഡ്–1, എഫ്.എച്ച്.സി. നെന്മണിക്കര, തൃശ്ശൂർ – 12 വയസ്സ് മുതൽ 14 വരെ പ്രായമുള്ള കുട്ടികൾക്ക് കോവിഡ് വാക്സിൻ മാറി നൽകിയതുമായി ബന്ധപ്പെട്ട ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയതിനാൽ സ്ഥലംമാറ്റി നിയമിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം**: കത്ത് നം. ഇസി7–36609/22/ആ.വഡ./തീയതി.04/06/2022

## ഉത്തരവ് നമ്പർ ഇജി2–38294/2022/ആവഡ തീയതി 06/06/2022

തൃശ്ശൂർ നെന്മണിക്കര കുടുംബാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–1 ആയ ശ്രീ.അബ്ദുൾ റസാഖ്, പ്രസ്തുത സ്ഥാപനത്തിലെ 12 വയസ്സ് മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് കോവിഡ് വാക്സിൻ നൽകാൻ നിയോഗിച്ച ടീമിലെ അംഗമായിരിക്കെ കുട്ടികൾക്ക് വാക്സിൻ മാറി നൽകുകയുണ്ടായി. ടിയാന്റെ ഡ്യൂട്ടിയിൽ ടിയാൻ വീഴ്ച വരുത്തിയതായി കണ്ടെത്തുകയും ടിയാനെ തൃശ്ശൂർ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിക്കണമെന്ന് പരാമർശപ്രകാരം അറിയിക്കുകയും ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.അബ്ദുൾ റസാഖ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–1–നെ നിലവിൽ ഒഴിവ് നിലനിൽക്കുന്ന കണ്ണൂർ ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ ടിയാന് ഉചിത നിയമനം നൽകേണ്ടതും പ്രവേശന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡോ.പ്രീത പി.പി.
ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്

സ്വീകർത്താവ്

ശ്രീ.അബ്ദുൾ റസാഖ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–1

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തൃശ്ശൂർ/കണ്ണൂർ.
2. ഫയൽ.

//ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്

nb 6/6/22

129073